"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തരവകുപ്പ്—സമാശ്വാസ തൊഴിൽദാന പദ്ധതി — പോലീസ് വകുപ്പിൽ സേവനത്തിലിരിക്കെ നിര്യാതനായ രാഘവൻ കെ.-യുടെ മകൻ ശ്രീ. ഉണ്ണിക്കണ്ണൻ കെ. ആശ്രിത നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആഭ്യന്തര (കെ) വകുപ്പ്

സ.ഉ.(സാധാ) നം.1760/2022/HOME തീയതി,തിരുവനന്തപുരം, 24-06-2022

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി)നം. 12/99/ഉ.ഭ.പ.വ.
2. ശ്രീ. ഉണ്ണിക്കണ്ണൻ കെ. 14.09.2017-ൽ സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ.
3. സംസ്ഥാന പോലീസ് മേധാവിയുടെ 06.12.2017 ലെ എം4(എ)-184542/2017/ പി എച്ച് ക്യൂ നമ്പർ കത്ത്
4. ശ്രീ. ഉണ്ണിക്കണ്ണൻ കെ. 11.11.2021-ൽ സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ.

ഉത്തരവ്

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കെ 31.03.2011-ൽ നിര്യാതനായ രാഘവൻ കെ (CPO G 1126)-യുടെ മകൻ കാസർഗോഡ്, പരപ്പ, ബിരിക്കുളം, കോളംകുളം, അമ്പാടി ഭവനിൽ ശ്രീ. ഉണ്ണിക്കണ്ണൻ കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച് സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. ഉണ്ണിക്കണ്ണൻ കെ. പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായ തീയതി മുതൽ 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാഘവൻ.കെ-യുടെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-11.08.1999) ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും തസ്തികമാറ്റം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുന്നതിൽ ഒരു വർഷത്തേയും മൂന്ന് മാസത്തേയും ഒരു ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കെ 31.03.2011-ൽ നിര്യാതനായ രാഘവൻ കെ (CPO G 1126)-യുടെ മകൻ ശ്രീ. ഉണ്ണിക്കണ്ണൻ കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ ഒരു വർഷത്തേയും മൂന്ന് മാസത്തേയും ഒരു ദിവസത്തേയും കാലതാമസം മാപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.കെ.ജോസ്

സ.ഉ.(സാധാ) നം.1760/2022/HOME

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ഉണ്ണിക്കണ്ണൻ കെ., അമ്പാടി ഭവൻ (H), കോളംകുളം, ബിരിക്കുളം പി.ഒ., പരപ്പ,
കാസർഗോഡ്- 671533.

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ് (എ5-1543/18) പ്രകാരം
പൊതുഭരണ (എസ്.സി.) വകുപ്പ്.
പൊതുഭരണ(സി.ഇ.സെൽ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by S Chandragopan
Date: 25-06-2022 10:24:38
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

രഹസ്യം

23 JUN 20

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 22-06-2022

ഫയൽ നം. കെ3/376/2018/ആഭ്യന്തരം. ഇനം നം: 829

വിഷയം : ആഭ്യന്തര വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. ഉണ്ണിക്കണ്ണൻ കെ തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

JS (K)
Pl. issue orders.
23/6/2022

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

829

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1 ഫയൽ നമ്പർ	കെ3/376/2018/ ആഭ്യന്തരം
2 വകുപ്പ്	ആഭ്യന്തര(കെ) വകുപ്പ്
3. വിഷയം	സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിനായി ശ്രീ. ഉണ്ണിക്കണ്ണൻ കെ. തസ്ലികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നത്- സംബന്ധിച്ച്.
4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	30.05.2022
5.(i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അല്ല ഇല്ല
6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	ഇല്ല
7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്	ശ്രീമതി. മേരി ലാലി സി. വൈ.
8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്	ശ്രീ. റ്റി.കെ. ജോസ്
9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	09.06.2022
10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ഡോ. വി.പി. ജോയ്
11 മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	10.06.2022
12 കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	ശ്രീ. പിണറായി വിജയൻ
13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	14.06.2022
14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	15.06.2022
15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	
16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി ശ്രീ. ഉണ്ണിക്കണ്ണൻ കെ. സമർപ്പിച്ചിരുന്ന തസ്തികമാറ്റത്തിനായുള്ള അപേക്ഷയിലെ കാലതാമസം മാപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കെ 31.03.2011-ൽ നിര്യാതനായ രാഘവൻ കെ (CPO G 1126)-യുടെ മകൻ കാസർഗോഡ്, പരപ്പ, ബിരിക്കുളം, കോളംകുളം, അമ്പാടി ഭവനിൽ ശ്രീ. ഉണ്ണിക്കണ്ണൻ കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി 14.09.2017-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ മറ്റ് വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ പരിഗണിക്കുന്നതിനായി അപേക്ഷകനെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് 04.08.2018-ൽ നൽകിയിട്ടുണ്ട്. എന്നാൽ, ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച് സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിനായി ശ്രീ. ഉണ്ണിക്കണ്ണൻ കെ. 11.11.2021-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3) സേവനത്തിലിരുന്ന വ്യക്തിയുടെ മരണസമയത്ത് അപേക്ഷകൻ മൈനറാണെങ്കിൽ, പ്രായപൂർത്തിയായ തീയതി മുതൽ 3 വർഷത്തിനുള്ളിൽ ആശ്രിത നിയമന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് 24.05.1999 ലെ G.O. (P)No.12/99/P&ARD-യിലെ ഖണ്ഡിക 19-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരിക്കൽ സമർപ്പിച്ച അപേക്ഷയിലെ തസ്തികമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ഈ കാലയളവിനുള്ളിലായിരിക്കണമെന്ന് പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 25-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രാഘവൻ.കെ-യുടെ മരണസമയത്ത് മൈനർ ആയിരുന്ന അപേക്ഷകൻ (ജനനതീയതി-11.08.1999) ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമന അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ടെങ്കിലും തസ്തികമാറ്റം ആവശ്യപ്പെട്ട് അപേക്ഷ

സമർപ്പിക്കുന്നതിൽ ഒരു വർഷത്തേയും മൂന്ന് മാസത്തേയും ഒരു ദിവസത്തേയും കാലതാമസം ഉണ്ടായിട്ടുണ്ട്.

4) തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കുന്നതിലൂടെ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല

5) ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

തീരുമാനിക്കേണ്ട സംഗതി

പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ സേവനത്തിലിരിക്കെ 31.03.2011 ൽ നിര്യാതനായ രാഘവൻ കെ-യുടെ മകൻ ശ്രീ. ഉണ്ണിക്കണ്ണൻ കെ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി, തസ്തികമാറ്റ അപേക്ഷ സമർപ്പിച്ചതിൽ ഉണ്ടായ ഒരു വർഷത്തേയും മൂന്ന് മാസത്തേയും ഒരു ദിവസത്തേയും കാലതാമസം പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി നൽകാവുന്നതാണോ ?